# കേരം മറയും കേരളനാട്ടിൽ

**വി. ജയകുമാർ**

തെങ്ങുകൃഷികൊണ്ടു മാത്രം ഉപജീവനം നടത്താമായിരുന്ന സുവർണനാളുകൾ മറഞ്ഞു. ഇതര വിളകൾ വേണം പിടിച്ചുനിൽക്കാനെന്നായി. നെൽക്കൃഷിക്കു പിന്നാലെ തെങ്ങുകൃഷിയും മലയാളക്കരയിൽനിന്ന് യാത്രയാവുകയാണ്.

കേരളത്തിലെ തെങ്ങുകൃഷിയുടെ ദുരവസ്ഥയിലേക്ക് വിരൽചൂണ്ടുന്ന പരമ്പര ആരംഭിക്കുന്നു.



"ഇങ്ങനെ പോയാൽ തെങ്ങുകൃഷി നടത്തുന്നവർ കുത്തുപാളയെടുക്കും. വില സ്ഥിരത ഉറപ്പാക്കിയാൽ മാത്രമേ നാളികേര കൃഷിക്കു കേരളത്തിൽ ഭാവിയുള്ളൂ" ഒരേ ശബ്ദത്തിൽ പറയുന്നത് സാധാരണ കർഷകരല്ല, മുൻ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ കേരകേസരികൾ തന്നെ.

ഇവരുടെ വാക്കുകളിൽ ഒരു നാടിന്റെ വേദനയും നിസഹായതയുമുണ്ട്. ഉല്പാദനത്തിൽ കേരളം ഒന്നാം സ്ഥാനത്തുണ്ടെങ്കിലും ഉല്പാദനക്ഷമതയിൽ ഒൻപതാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ തന്നെയാണ് ഇവരുടെ വ്യഥകളുടെയും പിന്നിൽ.

പത്തേക്കർ സ്ഥലത്ത് മുപ്പത്തഞ്ചു വർഷമായി തെങ്ങുകൃഷി ചെയ്യുന്ന കോഴിക്കോട് തിരുവമ്പാടി സ്വദേശി മണ്ണുകുഴിയിൽ എം.എം ഡൊമിനിക്ക് കഴിഞ്ഞ വർഷത്തെ കേരകേസരി അവാർഡ് ജേതാവാണ്. കൃഷിയിടത്തിലെ തെങ്ങുകൾ 450. ജാതിയും കവുങ്ങും മറ്റും കൃഷി ചെയ്യുന്നതു കൊണ്ടാണ് തെങ്ങുകൃഷി അവസാനിപ്പിക്കാത്തതെന്ന് ഡൊമിനിക് പറയുന്നു.

2008 ലെ കേരകേസരി അവാർഡ് ജേതാവ് ചിറ്റൂർ പുത്തൻപുരയിൽ വീട്ടിൽ പി. എം മാത്യുവിന് ഇരുപത് ഏക്കറിൽ തെങ്ങുകൃഷിയുണ്ട്. എങ്കിലും ജാതി, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നതുകൊണ്ടാണ് പിടിച്ചുനിൽക്കുന്നത്. നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ സർക്കാർ ശ്രമിക്കണം. വെളിച്ചെണ്ണയ്ക്കെതിരായ ലോബിയിങ്ങിൽ പോലും സർക്കാരിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല- മാത്യു പറയുന്നു.

2007 -ലെ അവാർഡ് ജേതാവായ പാലക്കാട് വണ്ടാഴി ചറുക്കാട് വീട്ടിൽ സി. ആർ ഭവദാസ് പത്തു ഏക്കറിൽ വെസ്റ്റ് കോസ്റ്റ് ഇനമാണ് കൃഷി ചെയ്യുന്നത്. 25 ഏക്കർ സ്ഥലമുണ്ടെങ്കിലും 15 ഏക്കറിൽ ഇതര വിളകളാണ് കൃഷിചെയ്യുന്നത്.

"ചെലവ് കൂടുതലും ലാഭം കുറവുമാണ് തെങ്ങുകൃഷി. ഈ സ്ഥിതി മാറണം. റബറിന് ഉയർന്ന വില സ്ഥിരമായി കിട്ടുമ്പോൾ തെങ്ങിന് അതു കഴിയുന്നില്ല. തെങ്ങ് വീടിന്റെ ഐശ്വര്യമാണ് എന്ന തോന്നലുള്ളതിനാൽ മക്കളെപ്പോലെ പരിപാലിക്കുന്നുവെന്നു മാത്രം" ഭവദാസ് പറഞ്ഞു.

തെങ്ങുകൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് കുറഞ്ഞതു മുതൽ ശാസ്ത്രീയ പരിചരണത്തിന്റെ അഭാവം വരെ പല കാരണങ്ങൾ നാളികേര കർഷകന്റെ ഉറക്കം കെടുത്തുന്നു. തെങ്ങിനുവേണ്ടി വാദിക്കാനും ശബ്ദമുയർത്താനും ആരുമില്ലെന്നതാണ് അവസ്ഥ. കൽപവൃക്ഷം കയ്പ്വൃക്ഷമായതെങ്ങനെയെന്ന് നാളെ ആറാം പേജിൽ.

Kerala Kaumudi
Daily 28-12-11